**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത.വി.കുമാർ ഐഎഎസ് )

വിഷയം:- വനിത ശിശുവികസന വകുപ്പ് –ഐസിഡിഎസ്- സക്ഷം അങ്കണവാടി നവീകരണം 2023-24 - 1710 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയത്- അനുവദിച്ച ഫണ്ടിൽ മാറ്റം വരുത്തി- മൂന്നാം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 29.08.2024 ലെ ഇതേ നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 22.10.2024, 13-12-2024, 13-01-2025 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
3. കാസർഗോഡ് പ്രോഗ്രാം ഓഫീസറുടെ 15-01-2025 തീയതിയിലെ ICDS/KSD/442/2024-B നമ്പർ കത്ത്
4. വനിത ശിശുവികസന ഡയറക്ടറുടെ അധ്യക്ഷതയിൽ 24.01.2025-ന് കൂടിയ സക്ഷം അങ്കണവാടി റിവ്യൂ മീറ്റിംഗ്.

**<u>ഉത്തരവ് നം.1038/2023-ICDA A7 തീയതി: 29-01-2025</u>**

2023-24 സാമ്പത്തിക വർഷത്തെ സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 1710 അങ്കണവാടികൾ നവീകരിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുമതി നൽകിയും ഫണ്ട് അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രകാരം അനുവദിച്ച അങ്കണവാടികളുടെ എണ്ണത്തിൽ മാറ്റം ആവശ്യപെട്ട് കാസർഗോഡ് പ്രോഗ്രാം ഓഫീസർ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നീലേശ്വരം പ്രോജക്ടിലെ 4 അങ്കണവാടികൾക്കും, നീലേശ്വരം അഡീഷണൽ പ്രോജക്ടിലെ 5 അങ്കണവാടികൾക്കുമാണ് പരാമർശം (1) പ്രകാരം ഫണ്ട് അനുവദിച്ചത്. എന്നാൽ സക്ഷംഅങ്കണവാടി നവീകരണനടപടി നീലേശ്വരം പ്രോജക്ടിലെ 5 അങ്കണവാടികൾക്കും, നീലേശ്വരം അഡീഷണൽ പ്രോജക്ടിലെ 4 അങ്കണവാടികൾക്കുമാണ് നടക്കുന്നത്. ആയതിനാൽ കാസർഗോഡ് പ്രോഗ്രാം ഓഫീസറുടെ പരാമർശം (3) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം മാറ്റം വരുത്തിഉത്തരവാകുന്നു.

| ക്രമ നം | പ്രൊജക്റ്റ് | അനുവദിച്ച അങ്കണവാടി എണ്ണം | അനുവദിച്ച തുക | മാറ്റം വരുത്തുന്ന അങ്കണവാടി എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | നീലേശ്വരം | 4 | 400000/- | 5 | 100000/- രൂപ അധികമായി അനുവദിക്കുന്നു |
| 2 | നീലേശ്വരം അഡീഷണൽ | 5 | 500000/- | 4 | അനുവദിച്ച തുകയിൽ 100000/- രൂപകുറവ് ചെയ്യുന്നു |

കാസർഗോഡ് ജില്ലാ വനിത ശിശുവികസന ഓഫീസർ തലത്തിൽ, നീലേശ്വരം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിന് അനുവദിച്ച 500000/- (അഞ്ച് ലക്ഷം) രൂപയിൽ നിന്നും 100000/- (ഒരു ലക്ഷം) പിൻവലിച്ച് നീലേശ്വരം ഐ.സി.ഡി.എസ് പ്രോജക്ടിന് അനുവദിക്കേണ്ടതാണ്.

ടി അങ്കണവാടികൾ ഉൾപ്പെടെ സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയ പ്രവർത്തനങ്ങൾ 2025 ഫെബ്രുവരി 30-നകം പൂർത്തീകരിക്കേണ്ടതാണ്.

മേൽ ഭേദഗതിയോടെ പരാമർശം (1,2,3) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഒപ്പ് /-)

**വനിത ശിശുവികസന ഡയറക്ടർ**

ജില്ലാ വനിത ശിശുവികസന ഓഫീസർ
കാസർഗോഡ്

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ കാസർഗോഡ്
2. ബന്ധപ്പെട്ട ശിശു വികസന ഓഫീസർമാർക്ക്
3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Sinde

**സൂപ്രണ്ട്**